**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 559** **30-01-2024 - ൽ മറുപടിയ്ക്ക്**

**വ്യാപാര സ്ഥാപനങ്ങളിലെ നികുതി പിരിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിവിധയിനങ്ങളിലെ നികുതിയായി പ്രതിമാസം ലഭിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 2023-24 സാമ്പത്തിക വർഷം 31 ഡിസംബർ 2023 വരെ ജി എസ് ടി നികുതി, ജി എസ് ടി ഇതര നികുതി നിയമങ്ങൾ (കെ ജി എസ് ടി, വാറ്റ്) എന്നിവയിൽ ലഭിച്ച പ്രതിമാസ നികുതി വരുമാനം സംബന്ധിച്ച വിശദാംശം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | എല്ലാ വ്യാപാര സ്ഥാപനങ്ങളിലും ബില്ലിംഗ് രീതി ഏർപ്പെടുത്തുന്നതിനും, മുഴുവൻ സ്ഥാപനങ്ങളും ബില്ല് നല്കുന്നതിനും, സർക്കാരിലേക്ക് ലഭിക്കേണ്ട തുക കൃത്യമായി അടച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | **വ്യാപാര സ്ഥാപനങ്ങൾ ജി.എസ്.ടി നിയമാനുസൃതമായ ബില്ല് നൽകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി ജി.എസ്.ടി നിയമപ്രകാരമുള്ള ടെസ്റ്റ് പർച്ചേസുകൾ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തി വരുന്നുണ്ട്. ഇതുകൂടാതെ ചരക്ക വാഹനങ്ങളുടെ പരിശോധനയിലും ഇൻവോയ്സ് വിവരങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. നിലവിൽ 5 കോടി രൂപ വരെ വിറ്റുവരവ് ഉള്ള ടാക്സ്പെയേഴ്സിന് ബി ടു ബി കൈമാറ്റങ്ങൾക്ക് ഇ-ഇൻവോസിങ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇൻവോയ്സ് വിവരങ്ങൾ പൊതുജനങ്ങളിൽ നിന്നും നേരിട്ട് വകുപ്പിന് ലഭ്യമാക്കുന്നതിനായി 'ലക്കി ബില്ല്' പോലുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിലേക്ക് അടയ്ക്കേണ്ട നികുതി കൃത്യമായി അടച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ജി.എസ്.ടി നിയമപ്രകാരം റിട്ടേൺ സ്ക്രൂട്ടിനി, ഓഡിറ്റ് തുടങ്ങിയവ നടത്തി വരുന്നു.** |
| (സി) | നികുതി ചോർച്ച കണ്ടെത്തുന്നതിനും തടയുന്നതിനും എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശാക്തീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടനയിലൂടെ തന്ത്ര പ്രധാന കേന്ദ്രങ്ങളിൽ മൂന്ന് സോണൽ ജോയിന്റ് കമ്മീഷണർ (ഐ&ഇ) മാരുടെ കീഴിൽ 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പുനർവിന്യസിപ്പിച്ചു കൊണ്ട് സംസ്ഥാനത്ത് ചരക്ക് വാഹന പരിശോധന നടത്തി നികുതി ചോർച്ച കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കാര്യക്ഷമതയോടെ ഏർപ്പെട്ടുവരുന്നു. നികുതിവെട്ടിപ്പ് കണ്ടെത്തുന്ന |

| | | | |
|---|---|---|---|
| | | | സാഹചര്യങ്ങളിൽ ജി.എസ്.ടി നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വ്യാജരേഖകൾ ഉപയോഗിച്ച് വ്യാജ രജിസ്ട്രേഷൻ നേടിക്കൊണ്ട് ചരക്ക് നീക്കം ഇല്ലാതെ വ്യാജ ബില്ലുകൾ നൽകി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തട്ടിപ്പ് നടത്തുന്ന ദേശീയതലത്തിൽ പ്രവർത്തിക്കുന്ന കോക്കസിനെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള ചുമതലകൂടി ഈ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള തട്ടിപ്പുകാരെ കണ്ടെത്തി അവരുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും, അവർ നൽകിയിട്ടുള്ള വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തിരിച്ചുപിടിക്കുന്നതിനും, അവർ നടത്തിയ വെട്ടിപ്പുമായി ബന്ധപ്പെട്ടവർക്കെതിരെ പീനൽ നടപടി സ്വീകരിക്കുന്നതിനും വേണ്ട രേഖകൾ ശേഖരിച്ച് ബന്ധപ്പെട്ട വിഭാഗത്തിന് കൈമാറി വൻ നികുതിചോർച്ച തടയുക എന്നതുമാണ് ഇതുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയിട്ടുള്ള ചുമതല. |
| (ഡി) | പർചേയ്സ് ചെയ്യുന്നവരിൽ നിന്നും കളക്ട് ചെയ്യുന്ന നികുതി വിഹിതം കൃത്യമായി സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇത് പരിശോധിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനുമുള്ള നടപടികൾ വിശദീകരിക്കാമോ ? | (ഡി) | നികുതിദായകർ ജി.എസ്.ടി നികുതി സർക്കാരിലേക്ക് കൃത്യമായി അടച്ചിട്ടുണ്ടെന്നു ഉറപ്പ് വരുത്തുന്നതിനായി ജി.എസ്.ടി നിയമപ്രകാരമുള്ള റിട്ടേൺ സ്ക്രൂട്ടിനി, ഓഡിറ്റ് എന്നിവ നടത്തി വരുന്നു. റിട്ടേൺ സ്ക്രൂട്ടിനിയിലൂടെ നികുതിദായകർ ഫയൽ ചെയ്യുന്ന ഓരോ മാസത്തേയും റിട്ടേണുകൾ പരിശോധിക്കുകയും പ്രശ്നങ്ങൾ കാണപ്പെടുന്ന പക്ഷം അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കുകയും ചെയ്യുന്നു. ഓഡിറ്റിംഗിലൂടെ നികുതിദായകരുടെ വാർഷിക റിട്ടേണുകളും അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും ഓഡിറ്റ് ചെയ്യുകയും നികുതിവെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം ജി.എസ്.ടി നിയമപ്രകാരമുള്ള പിഴയും പലിശയും ഉൾപ്പടെ നികുതി സർക്കാരിലേക്ക് അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വലിയ രീതിയിലുള്ള നികുതി വെട്ടിപ്പുകൾ കണ്ടെത്തുന്ന പക്ഷം പരിശോധന നടത്തി ജി.എസ്.ടി നിയമ പ്രകാരം അറസ്റ്റ് ഉൾപ്പടെയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം-1</u>

2023-24 (കോടിയിൽ) (പ്രൊവിഷണൽ)

| മാസം | ജി എസ് ടി | നോൺ ജി എസ് ടി | ആകെ |
|---|---|---|---|
| ഏപ്രിൽ | 2974.94 | 314.65 | 3289.59 |
| മെയ് | 2391.46 | 2263.76 | 4655.22 |
| ജൂൺ | 2695.54 | 2466.26 | 5161.8 |
| ജൂലൈ | 2539.81 | 2228.17 | 4767.98 |
| ആഗസ്റ്റ് | 2473.34 | 2147.94 | 4621.28 |
| സെപ്റ്റംബർ | 2743.21 | 2519.61 | 5262.82 |
| ഒക്ടോബർ | 2544.57 | 2222.4 | 4766.97 |
| നവംബർ | 2248.11 | 2174.68 | 4422.79 |
| ഡിസംബർ | 2422.03 | 2161.48 | 4583.51 |
| **ആകെ** | **23033** | **18498.95** | **41531.95** |

സെക്ഷൻ ഓഫീസർ